# വേനൽക്കാല പരിപാടികൾ വിജയിപ്പിക്കുക

ഹൽഖാ അമീർ

**ലോകത്തിന്റെ** വിവിധഭാഗങ്ങളിൽ ഇസ്‌ലാമികപ്രവർത്തനങ്ങൾ ചടുലമാവുന്നതിന്റെ പുതിയ അനുഭവങ്ങൾ നമുക്ക് കൈമാറുന്ന രണ്ടു സന്ദർശനങ്ങളായിരുന്നു റാശിദുൽ ഗനൂശിയുടേതും യിവോൺ റിഡ്‌ലിയുടേതും. ഭൗതിക ദർശനങ്ങളുടെ പരീക്ഷണശാലകൾ എന്ന നിലയിൽ മനുഷ്യരും ലോകവും അനുഭവിക്കുന്ന പ്രതിസന്ധിയുടെ ആഴങ്ങളിലേക്കാണ് ഇസ്‌ലാമിക പ്രവർത്തനരംഗത്ത് സജീവ സാന്നിധ്യമായ റിഡ്‌ലി നമ്മുടെ ശ്രദ്ധ ക്ഷണിച്ചത്. ആത്മീയതയുടെ അംശലേശമില്ലാതിരുന്ന യൂറോപ്പിലെയും അമേരിക്കയിലെയും നഗര ഹൃദയങ്ങളിൽ ഇസ്‌ലാം ചേക്കേറുന്ന കാഴ്ചകളാണ് ശൈഖ് ഗനൂശി സമർപ്പിച്ചത്. ഈ രണ്ട് മഹദ്‌വ്യക്തിത്വങ്ങളുടെ സന്ദർശനം, അവരെ നേരിൽ കാണുകയും പത്രദ്വാരാ വായിച്ചറിയുകയും ചെയ്ത ഇസ്‌ലാമിക പ്രവർത്തകർക്ക് ഉൾകാഴ്ചയും ആവേശവും വർധിപ്പിക്കാൻ സഹായകമായിട്ടുണ്ട്.

കേവലം ഭൗതിക ജീവിത ദർശനങ്ങളുടെ കാലം കഴിഞ്ഞുവെന്നാണ് പുതിയലോകം തെളിയിച്ചുക്കൊണ്ടിരിക്കുന്നത്. കമ്യൂണിസവും സോഷ്യലിസവും പരാജയമടഞ്ഞുവെന്നത് ഒരു കാലത്ത് എതിരാളികളുടെ നിരൂപണമായിരുന്നവെങ്കിൽ ഇന്നത് പാർട്ടി നേതാക്കന്മാരുടെ നയപ്രഖ്യാപനങ്ങൾ തന്നെയാണ്. കമ്യൂണിസം ലോകത്തിന്റെ വസന്തമാവുകയും മൂന്നിൽ രണ്ടു ലോകങ്ങളെ കീഴടക്കുകയും ചെയ്ത സന്ദർഭത്തിൽ, മോസ്കോയിൽ കമ്യൂണിസം രക്ഷാമാർഗം കാണാതെ പരിഭ്രമിക്കുമെന്ന് പ്രവചിക്കാൻ ധിഷണാപരമായ കരുത്ത് കാണിച്ചത് സയ്യിദ് മൗദൂദിയാണ്. അതുമാത്രമല്ല അദ്ദേഹം ദീർഘദർശനം ചെയ്തത്. മുതലാളിത്ത ഡമോക്രസി വാഷിംഗ്ടണിലും ന്യൂയോർക്കിലും അഭയസ്ഥാനമില്ലാതെ കുഴങ്ങുമെന്നും, ഭൗതികവാദം ലണ്ടനിലെയും പാരീസിലെയും യൂനിവേഴ്സിറ്റികളിൽ പോലും ഇടം ലഭിക്കാതെ ഉഴലുമെന്നും മൗദൂദി നിരീക്ഷിച്ചിട്ടുണ്ട്. വികസനത്തിനുള്ള ഏക വഴി മുതലാളിത്തമാണെന്ന് കമ്യൂണിസ്റ്റ് നേതാക്കൾ വരെ പ്രഖ്യാപിക്കുന്ന പുതിയ സാഹചര്യത്തിൽ, സോഷ്യലിസത്തിന്റെ പരാജയക്കയങ്ങളിൽനിന്ന് മുതലാളിത്തത്തിലേക്കുള്ള മനുഷ്യന്റെ നെട്ടോട്ടം വറചട്ടിയിൽനിന്ന് എരിതീയിലേക്ക് ചാടുന്ന അനുഭവമാണെന്ന് ബുദ്ധിജീവികളേയും പണ്ഡിതന്മാരേയും സാധരണക്കാരേയും ബോധ്യപ്പെടുത്താൻ ഇസ്‌ലാമിക പ്രവർത്തകർക്ക് ബാധ്യതയുണ്ട്.

*സൂറത്തുർറഅ്ദിൽ* അല്ലാഹു സത്യത്തെയും അസത്യത്തെയും ഉദാഹരിക്കുന്നത് മനസ്സിരുത്തി വായിക്കേണ്ടതാണ്. ആകാശത്തുനിന്ന് മഴയായി വർഷിച്ച വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന നുരകൾ പോലെയാണ് അസത്യത്തിനു മേൽ കെട്ടിപ്പടുത്ത സിദ്ധാന്തങ്ങൾ. സത്യം മനുഷ്യർക്ക് ഉപകാരപ്പെടുന്നവിധത്തിൽ ശാശ്വതമായി നിലനിൽക്കുന്നതാണ്. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അടിത്തറ, നുരയോട് സമാനമായ ക്ഷണികമായ ഭൗതികതയാണ്. അവ ഇഹലോകം മാത്രമേ മുന്നിൽ കാണുന്നുള്ളൂ. മനുഷ്യശരീരത്തിന്റെ ആവശ്യങ്ങൾ മാത്രമാണ് അവയുടെ പരിഗണനയിൽ വരുന്നത്. ദിവ്യമായ മൂല്യങ്ങൾക്ക് ഈ രണ്ടു ചിന്താഗതികളിലും യാതൊരു സ്ഥാനവുമില്ല. ധാർമിക മൂല്യങ്ങളുടേയും ആത്മീയതയുടേയും അഭാവമാണ് കമ്യൂണിസത്തിന് പറ്റിയ അബദ്ധമെന്ന് *പെരിസ്ട്രോയിക്ക* സമ്മതിക്കുന്നുണ്ട്. കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള നാലാം ലോകചിന്തകൾ, നഷ്ടപ്പെട്ട മൂല്യങ്ങൾ കമ്യൂണിസത്തിന് ചാർത്തിക്കൊടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണെന്ന് കാണാൻ കഴിയും. മുതലാളിത്തത്തിനും മനുഷ്യനെ നയിക്കാവുന്ന മൂല്യവിചാരമില്ല. സമൂഹത്തിൽ മൂല്യചിന്ത വളർത്താൻ മറ്റാർക്കെങ്കിലും സാധിക്കുമെങ്കിൽ അവരത് ചെയ്തുകൊള്ളട്ടെയെന്നാണ് മുതലാളിത്തത്തിന്റെ നിലപാട്. കമ്പോളത്തിൽ ലഭിക്കുന്ന വിപണന വില മാത്രമാണ് മുതലാളിത്തത്തിന്റെ മുന്നിലെ മൂല്യങ്ങൾ. ശരീരത്തേയും ആത്മാവിനേയും ഒരുമിച്ച് കാണുന്ന, ഇഹലോകത്തും പരലോകത്തും മനുഷ്യനെ വിജയത്തിലേക്ക് നയിക്കുന്ന, വ്യക്തിയേയും കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും മൂല്യബദ്ധമായി നിർണയിക്കുന്ന ഇസ്‌ലാമിനെ ജനങ്ങളിലേക്കെത്തിക്കുന്നതിന് ഇസ്‌ലാമികപ്രവർത്തകർ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ വേനൽക്കാല പരിപാടികളുടെ കേന്ദ്രപ്രമേയം ഈ ആശയമായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയും പോഷകസംഘടനകളും സംഘടിപ്പിക്കുന്ന ഏതു പരിപാടിയുടേയും ഉള്ളടക്കങ്ങളിൽ മുഖ്യമായത് ഇതായിരിക്കണം.

കേരളത്തിൽ മധ്യവേനലവധി ആരംഭിക്കുകയാണ്. നമ്മുടെ വേനൽക്കാല പരിപാടികളിൽ പ്രധാനമായത് ഏരിയാസമ്മേളനങ്ങളാണ്. നിരന്തരമായ ജനസമ്പർക്ക പരിപാടികളിലൂടെയാണ് ഏരിയാ സമ്മേളനങ്ങളെ വിജയിപ്പിച്ചെടുക്കേണ്ടത്. കാര്യക്ഷമതയും കഠിന പ്രയത്നവും സമ്മേളനങ്ങളുടെ വിജയത്തിന് ആവശ്യമാണ്. നമ്മുടെ പോഷകസംഘടനകളും ഈ കാലയളവിൽ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സോളിഡാരിറ്റി ജാതിമതഭേദമന്യെ നന്മേച്ഛുകളായ യുവാക്കളെ സംഘടനയിൽ അംഗങ്ങളായി ചേർക്കാൻ കഴിയുംവിധം ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട്. സോളിഡാരിറ്റിയുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും സംയുക്ത ശൂറകൾ ഒന്നായി ചേർന്നുകൊണ്ടുള്ള വിശദവും ദീർഘവുമായ ചർച്ചകൾക്കു ശേഷമാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സമരത്തിന്റെയും സേവനത്തിന്റെയും പുതിയരീതികൾ കേരളത്തിന് പകർന്നുനൽകുന്ന സോളിഡാരിറ്റിയുടെ പ്രവർത്തനഫണ്ട് ശേഖരണം ഇപ്പോൾ നടന്നുവരികയാണ്. വിദ്യാർഥികൾക്ക് ദിശാബോധം നൽകുന്നതിനായി എസ്.ഐ.ഒയും ജി.ഐ.ഒയും ടീൻസ്മീറ്റ്, ഹയർസെക്കന്ററി മീറ്റ്, ഹൈസ്കൂൾ വിദ്യാർഥിസമ്മേളനം തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു. മലർവാടി ബാലസംഘം ഏപ്രിൽ 15 മുതൽ മെയ് 15 വരെ കുട്ടികളുടെ വിജ്ഞാന തൃഷ്ണയും സർഗശേഷിയും വികസിപ്പിക്കുന്നതിനായി ബാലോത്സവം നടത്തുകയാണ്. യൂനിറ്റടിസ്ഥാനത്തിൽ കളിമുറ്റവും ഏരിയയിൽ കളിക്കളവുമാണ് സംഘടിപ്പിക്കുന്നത്. കുട്ടികളുടെ കൂട്ടായ്മക്കപ്പുറം ഗ്രാമോത്സവമായി പരിപാടികൾ വികസിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു കോ-ഓർഡിനേറ്ററോ ബാലസംഘം പ്രവർത്തകരോ മാത്രം വിചാരിച്ചാൽ സാധ്യമാവുന്ന കാര്യമല്ല ഇത്. ഇവയുടെയെല്ലാം വിജയത്തിനായി മനസ്സും ശരീരവും ഒത്തൊരുമിച്ച് നാമെല്ലാവരും രംഗത്തിറങ്ങണം.

കേരളത്തിലെ പൊതുസമൂഹം അവധിക്കാലം ആഘോഷിക്കുന്നതിനായി തയാറെടുക്കുമ്പോഴാണ് പ്രവർത്തകരുടെ ചിന്തയും അധ്വാനവും വേനൽക്കാലപരിപാടികളിലേക്ക് ക്ഷണിക്കുന്നത്. ഒരേ സമയം തന്നെ ധാരാളം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിവരുന്ന സാമൂഹിക സാഹചര്യമാണ് ഇന്നുള്ളത്. അല്ലാഹുവിന്റെ സഹായവും പ്രവർത്തകരുടെ നിതാന്തജാഗ്രതയും കർമനൈരന്തര്യവും സമർപ്പണവും കൊണ്ടു മാത്രമാണ് നമുക്ക് പ്രവർത്തനങ്ങൾ വിജയിപ്പിച്ചെടുക്കാനാവുന്നത്. പ്രവർത്തകർക്കിടയിലെ ഐക്യവും ഇണക്കവും കർമങ്ങൾ ഫലവത്താകുന്നതിനും ലക്ഷ്യം നേടുന്നതിനും ഏറെ സഹായകമാണ്. അല്ലാഹു നമ്മെയെല്ലാവരേയും അനുഗ്രഹിക്കട്ടെ. (ആമീൻ)